(സി) ഈ പണിക്ക് നബാർഡ് സഹായ ശീർഷകത്തിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറക്ക് പണി ആരംഭിക്കുന്നതാണ്.

59 (2750) തളാന്തോട് പുഴയ്ക്ക് കുറുകെ ചെക്ക്-ഡാം - കംബ്രിഡ്ജ്

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ-പനത്തടി പഞ്ചായത്തിലെ തളാം തോട് - പുഴയ്ക്ക് കുറുകെ ചെക്ക്-ഡാം-കം- ബ്രിഡ്ജ് ബാർ നിർമ്മിക്കണമെന്ന് ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ചെക്ക്-ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, എപ്പോൾ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി),(സി)&(ഡി) ചെക്ക്-ഡാം-കം- ബ്രിഡ്ജ് പണിയുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റും റിപ്പോർട്ടും തയാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ചെക്ക് ഡാം കമ്മിറ്റി അംഗീകരിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി പണി നടത്തുന്നതാണ്.

60 (2751) നെയ്യാറിന്റെ ഇരുകരകളിലും ബണ്ടുകളുടെ നിർമ്മാണം

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേമാരിയിലും വെള്ളപ്പൊക്കത്തിലും നെയ്യാറിന്റെ ഇരുകരകളിലും ബണ്ടുകൾ തകർന്നിരിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മഴുപാറ - പൊയ്പാറ ബണ്ടിൽ മഴുപാറ ബണ്ട്, ആവണക്കിൻവിള മാവിശുക്കടവ് - ചാലാക്കര ബണ്ടും നന്നാക്കുന്നതിന് പൊന്നുംവില നടപടികൾ ആരംഭിച്ചിട്ട് വർഷങ്ങൾ ഏറെയായി എങ്കിലും ആയത് നാളിതുവരെ പൂർത്തിയായിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊന്നുവില നടപടികൾ പൂർത്തിയാക്കി പ്രസ്തുത ബണ്ടുകളുടെ പണി എത്രയുംവേഗം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പൊന്നുംവില നടപടികളുടെ ഭാഗമായി വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം കൊടുത്തു സ്ഥലമെടുക്കുന്നതിന് 20 ലക്ഷം രൂപ റവന്യൂ അധികാരികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യമായ സ്ഥലം കിട്ടുന്ന മുറക്ക് ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതാണ്.

61 (2752) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ടെണ്ടർ

പ്രൊ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ടെണ്ടർ എന്നാണ് വിളിച്ചത്;

(ബി) പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ ആരെല്ലാമാണ്;

(സി) പ്രസ്തുത ടെണ്ടർ എത്ര ശതമാനം കൂട്ടി എന്തു തുകയ്ക്ക് ഏതു കോൺട്രാക്ടർക്കാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുതപണിയുടെ എഗ്രിമെന്റ് എന്നാണ് വച്ചതെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ആവശ്യപ്പെട്ടതെന്നും വെളിപ്പെടുത്തുമോ;

(ഇ) 1999 ജൂൺ 5-ാം തീയതി വരെ ഈ പണിക്ക് എന്തു തുക കോൺട്രാക്ടർക്ക് നൽകി എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഷട്ടർ നിർമ്മാണത്തിനു കോൺട്രാക്ട് നൽകിയതിലും പണിയുടെ നടത്തിപ്പിലും അഴിമതി നടന്നുവെന്ന പരാതിയെക്കുറിച്ച് വിജിലൻസ് അന്വേഷണത്തിനു തയാറാകുമോ?

ഉത്തരം

(എ) 3.3.98 ൽ.

(ബി) താഴെ പറയുന്ന കരാറുകാർ പങ്കെടുത്തു:-

1. തോട്ടുങ്കൽ കോർപ്പറേഷൻ, ചിറ്റൂർ റോഡ്, കൊച്ചി -16
2. ജെ.ആന്റ് ബി ഹെവി എഞ്ചിനീയറിംഗ് വർക്സ് കുറ്റൂർ, തിരുവല്ല.
3. സി.വി. ആന്റ് കമ്പനി, പി.ബി. നം 2305, കൊച്ചി-16.
4. സിൽക്ക്, അഴിക്കൽ, കണ്ണൂർ -9
5. സിൽക്ക്, പി.ബി നം. 1, എസ്.എൻ. പുരം, ചേർത്തല, 688582
6. ജേക്കബ്സ് എഞ്ചിനീയറിംഗ് വർക്സ്, ശ്രീകാര്യം, തിരുവനന്തപുരം.
7. കെൽ, മാമല, കൊച്ചി - 682305

(സി) മേൽപറഞ്ഞ കരാറുകാരിൽ ഏറ്റവും കുറഞ്ഞ തുകയും എസ്റ്റിമേറ്റ്സ് തുകയേക്കാൾ 19.5% കൂട്ടി 2,16,49,065 രൂപക്ക് ക്വാട്ട് ചെയ്ത കൊച്ചിയിലെ തോട്ടുങ്കൽ കോർപ്പറേഷനാണ് നൽകിയത്. ടെണ്ടർ എക്സസ്

LIBRARY ARCHIVES Kerala Legislative Assembly